പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.244 | 15.02.2013-ലെ മറുപടിക്ക്

## മിച്ചഭൂമിവിതരണത്തിലെ അപാകതകൾക്ക പരിഹാരം

**ചോദ്യം**

ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ
ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.എ.കെ.ബാലൻ
ശ്രീ.എ.എം.ആരിഫ്

**മറുപടി**

ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മിച്ചഭൂമി ഏറ്റെടുക്കുന്നതിൽ ഉണ്ടായിട്ടുള്ളതായ പിഴവുകൾ പരിഹരിച്ച്, അവശേഷിക്കുന്ന മിച്ചഭൂമി കൂടി അടിയന്തിരമായി ഏറ്റെടുത്തു വിതരണം ചെയ്യാൻ സർക്കാർ തയ്യാറാകുമോ; | (എ) | പിഴവുകൾ ഉണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) | പാട്ടക്കരാറുകൾക്ക വിരുദ്ധമായി നിലവിലുള്ള തോട്ടങ്ങൾക്കുള്ളിൽ തന്നെ കൃഷിചെയ്യാതെ തിരിശിട്ടിരിക്കുന്ന ആയിരക്കണക്കിന് ഏക്കർ ഭൂമിയുണ്ടെന്ന കാര്യം സർക്കാരിനറിയുമോ; | (ബി) | പാട്ടക്കരാറുകൾക്ക വിരുദ്ധമായി റവന്യൂ വകുപ്പ് നൽകിയിട്ടുള്ള ഏതെങ്കിലും തോട്ടങ്ങളിൽ ഭൂമി കൃഷിചെയ്യാതെ തരിശ്ശിട്ടിരിക്കുന്നു എന്ന റിപ്പോർട്ട് ഇതുവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരത്തിൽ ബാക്കിനിൽപ്പുള്ള ഭൂമി മിച്ചഭൂമിയായി കണക്കാക്കി ഏറ്റെടുത്ത് ഭൂരഹിതർക്ക വിതരണം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | കൃഷി ചെയ്യാതെ പാട്ടഭൂമി തരിശ്ശിടുകയാണെങ്കിൽ ആയതു ഏതു നിയമപ്രകാരമാണോ പാട്ടത്തിനു നൽകിയതു ആ നിയമ പ്രകാരം തന്നെ തിരികെ ഏറ്റെടുത്തു ഭൂരഹിതർക്ക പതിച്ച നൽകുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നതാണ്. |
| (ഡി) | ഭൂപരിധിയിൽനിന്നൊഴിവാക്കപ്പെട്ട തോട്ടങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ സർക്കാർ കൊണ്ടുവന്ന ഭേദഗതികളെക്കുറിച്ച പുനർവിചിന്തനം നടത്താനും, അത്തരം ഭൂമി കൂടി ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും പട്ടികജാതി വിഭാഗങ്ങൾക്കും വിതരണം ചെയ്യാനും കഴിയുംവിധം നിയമനിർമ്മാണം നടത്താനും സർക്കാർ തയ്യാറാകുമോ? | (ഡി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ